ഉത്തരം

(എ-ഡി) 2014-15 സാമ്പത്തിക വർഷം വിവിധ ധനാഭ്യർത്ഥനകളിലായി വകയിരുത്തപ്പെട്ട തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ചെലവഴിച്ച തുകയുടെ ശതമാനക്കണക്കുകൾ എന്നിവ അടങ്ങിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സംസ്ഥാനത്തിന്റെ പൊതുകടം

193 (539) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ പണം ട്രഷറിയിൽ നിക്ഷേപിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ശരിയാണോയെന്ന് വ്യക്തമാക്കാമോ ;

(സി) ക്ഷേമനിധി ബോർഡുകളിൽ നിന്നുമുള്ള പണവും ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആവശ്യമുന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര കോടി രൂപയാണ് ഇത്തരത്തിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്നത് ; ഇതിന് എത്ര ശതമാനം പലിശയാണ് നല്കുന്നത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) 2014 ഡിസംബർ 31 വരെ ലഭ്യമായ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് ഉൾപ്പെടെ 31-12-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 128095.05 കോടി രൂപയാണ്.

(ബി) സഹകരണ സ്ഥാപനങ്ങളിലെ പണം ട്രഷറിയിൽ നിക്ഷേപിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല.

(സി) വിവിധ ക്ഷേമനിധി ബോർഡുകൾ, KSFE തുടങ്ങിയ സ്ഥാപനങ്ങളുടെ സ്ഥിരനിക്ഷേപം/ക്യാഷ് സർപ്ലസിൽനിന്നും ട്രഷറിയിൽ നിക്ഷേപം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വാങ്ങാനുദ്ദേശിക്കുന്ന തുക നിശ്ചയിച്ചിട്ടില്ല. ഇത്തരത്തിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് നിലവിൽ ലഭിക്കുന്ന പലിശയേക്കാൾ 1% അധിക പലിശ സ്ഥാപനത്തിന് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly